**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1307** **07-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തുറക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 18 വയസ്സിന് മുകളിലുള്ളവരുടെ വാക്സിനേഷൻ സമ്പൂർണമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോവിഡ് വ്യാപനസാധ്യത തീരെ കുറഞ്ഞിരിക്കുന്നതിനാൽ സ്കൂളുകൾ തുറക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; | (എ) | നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ സ്കൂളുകൾ തുറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കരുതൽ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണു നശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ/എസ്.എം.സി.,യുവജന സംഘടനകൾ. അദ്ധ്യാപക സംഘടനകൾ തുടങ്ങിയ വരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം,ഗതാഗതം, തദ്ദേശ സ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിട്ടറിംഗ് കമ്മിറ്റി, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്/മേയർമാർ,ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം പ്രത്യേകം, പ്രത്യേകം മന്ത്രിതലത്തിൽ ചേരുകയും ചെയ്തു. ഈ യോഗങ്ങളിലെ അഭിപ്രായങ്ങളുടെയും നിർദ്ദേശ ങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. |
| (സി) | ഒന്നരവർഷത്തെ സമ്പർക്ക ക്ലാസിന്റെയും | (സി) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ |

| | | | |
|---|---|---|---|
| | അദ്ധ്യാപകരും സഹപാഠികളുമായുള്ള സമ്പർക്കത്തിന്റെയും അഭാവം സൃഷ്ടിച്ച പ്രശ്നം പരിഹരിക്കാൻ പര്യാലോചിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ? | | കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ആ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇത് സംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്. വിദ്യാലയം തുറക്കുന്ന ആദ്യ നാളുകളിൽ ഹാപ്പിനെസ് കരിക്കുലത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ,പഠനം ആഹ്ലാദകരമായ അനുഭൂതിയാക്കി മാറ്റുന്നതിനുള്ള Joyfull Learning പ്രവർത്തനങ്ങൾ,പഠനത്തിലേയ്ക്ക് നയിക്കുന്ന സന്നദ്ധതാ പ്രവർത്തനങ്ങൾ, പരസ്പര ആശയ വിനിമയം ഉറപ്പുവരുത്തുന്ന ജൈവികമായ സംഘ പ്രവർത്തനങ്ങൾ, പങ്കുവയ്ക്കലിലൂടെയും കൂടിയാലോചനകളിലൂടെയും അറിവ് നിർമ്മാണത്തെ ത്വരിതപ്പെടുത്തുന്ന സഹകരണാത്മക പഠനം, സഹപാഠിയുടെ സഹായത്തോടെ സ്വയം മെച്ചപ്പെടാനും പരസ്പരം മെച്ചപ്പെടാനും വേണ്ടിയുള്ള സഹവർത്തിത പഠനം, ഓൺലൈൻ ഓഫ് ലൈൻ പഠനങ്ങളെ അർത്ഥപൂർണ്ണമായി ബന്ധിപ്പിക്കുന്ന പഠന പ്രവർത്തനങ്ങൾ, സാമൂഹിക പ്രശ്നങ്ങളിൽ അധിഷ്ഠിതമായ പ്രോജക്ടുകൾ,ടീം വർക്കിന് പ്രാധാന്യം നൽകുന്ന പ്രോജക്ട് രീതിയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ എന്നിവയും ഇതുമായി ബന്ധപ്പെട്ട് നടത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ